STARRED QUESTIONS POSTED FOR ANSWER ON 13-3-70.

ഫോറസ്റ്റിൽനിന്നും ഭൂമിപതിച്ച് കൊടുക്കൽ.

57. (645) ശ്രീ. പി. എം. ജോസഫ്:
.. ടി. എ. മജീദ്:
.. പി. എസ്. ശ്രീനിവാസൻ:
.. പി. കെ. രാഘവൻ:
.. ഇ. അഹമ്മദ്:
.. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്:
.. പി. എസ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റിൽനിന്നും എത്ര ഭൂമി പതിച്ചുകൊടുക്കാൻകഴിയുമെന്നാണ് ഗവൺമെൻറു പ്രതീക്ഷിക്കുന്നത്;

(ബി) ഇതിനകം എത്ര ഭൂമിപതിച്ചുകൊടുക്കാനുള്ള നടപടികളും പൂർത്തിയായി;

(സി) കൂത്താളിഭൂമി എപ്പോൾ കൃഷിക്കാർക്ക് നൽകാൻ കഴിയും;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളും ഇതിനകം സ്വീകരിച്ചു?

ഉത്തരം.

(എ) ഫോറസ്റ്റിൽനിന്നും ഉദ്ദേശം 30,000 ഏക്കർ ഭൂമി പതിച്ചുകൊടുക്കാൻ കഴിയുമെന്നു കരുതുന്നു.

(ബി) ഇതിനകം 1482 ഏക്കർ വനഭൂമിപതിച്ചുകൊടുക്കാനുള്ള നടപടി പൂർത്തിയാകുന്നുണ്ട്.

(സി) കൂത്താളി എസ്റ്റേറ്റിൽ പിള്ളപെരുവണ്ണാമല വാരത്തിൽപ്പെട്ട 3150 ഏക്കർ ഭൂമി പതിച്ചു കൊടുക്കുന്നതുസംബന്ധിച്ചു നടപടി നടന്നുവരുന്നുണ്ട്. കൂത്താളി എസ്റ്റേറ്റിൽപ്പെട്ട ഭൂമി എത്രയും വേഗത്തിൽ പതിച്ചുകൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) പിള്ളപെരുവണ്ണാമല വാരത്തിൽപ്പെട്ട 3150-ഏക്കർ പതിച്ചുകൊടുക്കുന്നതിലേക്കായി ഒരു സ്പെഷ്യൽ തഹസീൽദാരേയും സ്റ്റാഫിനേയും വൃക്ഷാദികളും വെട്ടിമാറ്റുക മുതലായ ജോലിക്കുവേണ്ടി ഫോറസ്റ്റു സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം പതിച്ചുകൊടുക്കുന്നത് ഒരു പ്രത്യേക കമ്മറ്റി മുഖാന്തിരമായിരിക്കും. ഇതിലേയ്ക്കു കമ്മറ്റി രൂപീകരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നുണ്ട്.

ഹരിജൻസ്ഥാപനങ്ങൾ

* 58. (653) ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനങ്ങൾ നടത്തുന്ന എത്ര സ്ഥാപനങ്ങൾക്ക് ഈ ഗവൺമെൻറ് അധികാരത്തിൽവന്നതിനുശേഷം ഗ്രാൻറ് അനുവദിച്ചു.

(ബി) അവ ഏവ;

(സി) ഓരോ സ്ഥാപനത്തിനും എത്ര രൂപവീതം അനുവദിച്ചു;

---

*As the sittings on 13-3-1970 and 16-3-1970 were cancelled, the Questions posted for those days are included herein as the unstarred Questions and Answers.

LIBRARY ARCHIVES Kerala Legislative Assembly